**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1149** **12-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ബോട്ടുകളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ മണ്ഡലത്തിൽ മത്സ്യബന്ധനത്തിനായി രജിസ്റ്റർ ചെയ്തിട്ടുള്ള ബോട്ടുകളുടെ എണ്ണം എത്രയാണ്; | (എ) | തിരൂർ മണ്ഡലത്തിൽ ബോട്ടുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. ടി മണ്ഡലത്തിന്റെ ഭാഗമായുള്ള ബേസ് ഓഫ് ഓപ്പറേഷനുകളായ പറവണ്ണ, വാക്കാട്, തേവർകടപ്പുറം, കൂട്ടായി എന്നിവിടങ്ങളിൽ നിന്നായി പരമ്പരാഗത വിഭാഗത്തിൽപ്പെട്ട 652 യാനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | രജിസ്റ്റർ ചെയ്യാത്ത ബോട്ടുകൾ മത്സ്യബന്ധനത്തിനായി ഉപയോഗിച്ചതിന്റെ പേരിൽ സ്വീകരിച്ച നടപടികളുടെ വിവരം വിശദമാക്കുമോ; | (ബി) | തിരൂർ മണ്ഡലത്തിൽ ബോട്ടുകൾ രജിസ്റ്റർ ചെയ്യാതെ ഉപയോഗിച്ചതിന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | രജിസ്റ്റർ ചെയ്ത ബോട്ടുകളിൽ എഞ്ചിന്റെ കാര്യക്ഷമത, ഫിറ്റ്നസ് എന്നിവ തൃപ്തികരം അല്ലാത്തതിനാൽ മത്സ്യബന്ധനത്തിന് അനുമതി നിഷേധിച്ച ബോട്ടുകളുടെ വിവരം ലഭ്യമാക്കുമോ; | (സി) | തിരൂർ മണ്ഡലത്തിൽ ഒരു മത്സ്യബന്ധന യാനത്തിനും, മത്സ്യബന്ധനത്തിന് അനുമതി നിഷേധിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാനത്ത് മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ബോട്ടുകളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്ത് യാനത്തിന്റെ കടൽ പ്രവർത്തനക്ഷമത പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. യാനത്തിൽ ആവശ്യമായ അത്രയും ജീവൻ രക്ഷാ ഉപകരണങ്ങളും, അഗ്നിശമന ഉപകരണങ്ങളും, നാവിഗേഷൻ ഉപകരണങ്ങളും, ആശയ വിനിമയ ഉപകരണങ്ങളും എല്ലാം ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. ഓരോ വർഷവും മത്സ്യബന്ധന ലൈസൻസ് പുതുക്കുന്ന സമയത്ത് യാനത്തിന് കടൽ പ്രവർത്തന ക്ഷമത പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. കടൽ പട്രോളിംഗ് സമയത്ത് ഇമ്പോണ്ടിംഗ് ഉദ്യോഗസ്ഥർ മത്സ്യബന്ധന യാനങ്ങൾ പരിശോധിച്ച് സുരക്ഷാ ഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഇല്ലാത്ത മത്സ്യബന്ധന യാനങ്ങളെ കണ്ടുകെട്ടി പിഴശിക്ഷ അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്.<br><br>കടൽ മത്സ്യത്തൊഴിലാളികളുടെയും മത്സ്യബന്ധന യാനങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | 19/12/2022 ലെ സ.ഉ (പി) നം.41/2022/മഉവ നമ്പർ ഉത്തരവ് പ്രകാരം മത്സ്യബന്ധന യാനങ്ങളുടെ കാലാവധി നിശ്ചയിച്ചുകൊണ്ട് അനുബന്ധ പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>തടിവള്ളങ്ങൾ ഉൾപ്പെടെയുള്ള മത്സ്യബന്ധന യാനങ്ങളുടെ കാലാവധി വർദ്ധിക്കുന്നതിനനുസരിച്ച് ആയതിന്റെ സുരക്ഷിതത്വം കുറഞ്ഞുവരും. പഴയ മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഒരു നിശ്ചിത കാലാവധി കഴിഞ്ഞ ശേഷം യാനങ്ങളുടെ സമുദ്ര യോഗ്യത പരിശോധിച്ച് മാത്രമേ യാനങ്ങളുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നുള്ളൂ. ടി ഉത്തരവു പ്രകാരം കേരള മാരിടൈം ബോർഡ് സർവ്വേ നടത്തി നൽകുന്ന സീവർത്തിനസ്സ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്. എന്നാൽ കേരള മാരിടൈം ബോർഡിൽ പ്രസ്തുത സർവ്വേ നടത്തുന്നതിന് മതിയായ സർവ്വേയർമാരില്ലെന്ന് അറിയച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തന്നെ ഇതിനാവശ്യമായ സർവ്വേയർമാരെ എംപാനൽ ചെയ്ത് എടുക്കുന്നതിനും ആയതിനായി നിലവിലെ വിജ്ഞാപനം ഭേദഗതി ചെയ്യണമെന്നും ഇതിനായി രൂപം കൊണ്ട ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനുവേണ്ട ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | ഹൾ മെറ്റീരിയൽ | വീൽഹൗസ് ഉള്ള മത്സ്യബന്ധനയാനങ്ങളുടെ കാലാവധി | വീൽഹൗസ് ഉള്ള മത്സ്യബന്ധനയാനങ്ങളുടെ ദീർഘിപ്പിച്ച കാലാവധി | വീൽഹൗസ് ഇല്ലാത്ത മത്സ്യബന്ധനയാനങ്ങളുടെ കാലാവധി | വീൽഹൗസ് ഇല്ലാത്ത മത്സ്യബന്ധനയാനങ്ങളുടെ ദീർഘിപ്പിച്ച കാലാവധി |
|---|---|---|---|---|---|
| 1 | Wood | 12 years | 15 years | 8 years | 11 years |
| 2 | Steel | 15 years | 18 years | Nil | Nil |
| 3 | FRP | 18 years | 21 years | 12 years | 15 years |